കാസർകോഡ്

1. ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി.

(ബി) ഇതു ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൻ കീഴിൽ തുടങ്ങിയ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഈ സ്കൂളുകൾക്ക് എയ്ഡഡ് സ്കൂളുകളായി ഉയർത്തിയാൽ അധിക സാമ്പത്തിക ഭാരമുണ്ടാവുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

49 (466) എ.ഇ.ഒ. ഓഫീസ് തുടങ്ങാൻ നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട മൂക്കത്ത് എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധിക സാമ്പത്തികബാദ്ധ്യത കണക്കിലെടുത്തും വ്യയനിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ ആവശ്യം തൽക്കാലം മാറ്റി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

50 (467) സ്കൂൾ കരിക്കുലം സംബന്ധിച്ച് രൂപരേഖ

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കരിക്കുലം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നല്കുമോ;

(സി) ഇത് തയ്യാറാക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വിചക്ഷണരുടെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ ആരുടെ എല്ലാമെന്നു വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രൂപരേഖയനുസരിച്ച് അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെ പഠനത്തിന് അർഹമായ സ്ഥാനം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കരിക്കുലം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി ഒരു കരടു സമീപന രേഖ തയ്യാറായിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉന്നമനവും സാംഗത്യവും ഉറപ്പുവരുത്തുംമാറ് കരിക്കുലം പരീക്ഷിക്കുവാനുള്ള നിർദ്ദേശങ്ങളാണ് കരട് സമീപനരേഖയിലുള്ളത്. കരിക്കുലവുമായി ബന്ധപ്പെടുത്തി - സിലബസ്, ബോധന സമ്പ്രദായം, മൂല്യനിർണ്ണയം തുടങ്ങിയവയിലെല്ലാം എപ്രകാരമുള്ള മാറ്റമാണ് അഭികാമ്യം എന്ന് പ്രസ്തുത കരട് രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് വ്യാപകമായ ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ഇത് തയ്യാറാക്കുന്നതിലേയ്ക്കായി താഴെ പറയുന്നവരുടെ സേവനം തേടിയിട്ടുണ്ട്.

1) എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ

2) ഡോ. എ. സുകുമാരൻ നായർ, മുൻ വൈസ് ചാൻസലർ, എം.ജി. യൂണിവേഴ്സിറ്റി.

3) ഡോ. മോഹൻ ബി. മേനോൻ, ഡയറക്ടർ, നാഷണൽ ഓപ്പൺ സ്കൂൾ, ന്യൂ ഡൽഹി.

4) ഡോ. കെ.എൻ. ഗണേഷ്, റീഡർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

(ഡി) എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കരട് വിദ്യാഭ്യാസ സമീപന രേഖയിൽ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെ പഠനവുമായി ബന്ധപ്പെടുത്തി ചില മാറ്റങ്ങൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ഭാഷകളുടെ പഠനം സംബന്ധിച്ച് ഇപ്പോഴുള്ള സമ്പ്രദായം നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

51 (468) ഏകാദ്ധ്യാപക സ്കൂൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാദ്ധ്യാപക സ്കൂളുകളുണ്ട്;

(ബി) ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്നുണ്ടോ;

(സി) ഈ സ്കൂളുകളിൽ ഏതെങ്കിലും ഗുഹയിൽ വച്ച് നടത്തുന്നുണ്ടോ;

(ഡി) ആയിരംകാൽ, പത്തായംവച്ച അപ്പ്, കൊംപൈ, ആമല തുടങ്ങിയ ഗിരിവർഗ്ഗ സെറ്റിൽമെന്റിലെ കുട്ടികൾക്കു വേണ്ടി തുടങ്ങിയ ഏകാദ്ധ്യാപക സ്കൂൾ നടത്തുന്നത് എവിടെ വച്ചാണ്;

(ഇ) ഇതിന് സ്കൂൾ കെട്ടിടമുണ്ടോ എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly